(എ) കായംകുളം-പത്തനാപുരം റോഡ്, കായംകുളം-കാർത്തികപ്പള്ളി റോഡ്, കായംകുളം-പ്രയാർ റോഡ്, ഹരിപ്പാട്-കൃഷ്ണപുരം നാഷണൽ ഹൈവേ എന്നീ പി.ഡബ്ല്യു.ഡി. റോഡുകളിൽ ഇരുപത് സ്ഥലങ്ങളിൽ രണ്ടടി പൊക്കംവരെ വെള്ളം കെട്ടിക്കിടക്കുന്നതു കാരണം അടുത്ത കാലത്ത് പണി പൂർത്തിയാക്കിയ ഈ റോഡുകൾ തകർന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുഴപ്പം ഉണ്ടായിട്ടുള്ള പോയിന്റുകളിൽ അടിയന്തിര പ്രതിവിധി കാണാൻ നിർദ്ദേശം നൽകുമോ;

(സി) ഒരു മാസമായി ഹരിപ്പാട്-കൃഷ്ണപുരം നാഷണൽ ഹൈവേയിൽ പത്തു പോയിന്റുകളിൽ വെള്ളപ്പൊക്കം കാരണം ഗതാഗത തടസ്സം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം-പത്തനാപുരം റോഡ്, കായംകുളം-കാർത്തികപ്പള്ളി റോഡ്, കായംകുളം-പ്രയാർ റോഡ് എന്നീ റോഡുകളിലെ ചില സ്ഥലങ്ങളിൽ ഓടകൾ ഇല്ലാത്തതിനാൽ ഏകദേശം ഒരടിയോളം പൊക്കത്തിൽ വെള്ളം കെട്ടിക്കിടന്നിരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹരിപ്പാട്-കൃഷ്ണപുരം നാഷണൽ ഹൈവേ റോഡിന്റെ പണിയൊന്നും നടന്നിട്ടില്ല. പ്രസ്തുത റോഡ് രണ്ടുവരിപ്പാതയാക്കുന്നതിനുള്ള 15,38,50,105/-രൂപയുടെ ടെണ്ടർ റിവൈസ്ഡ് എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന്റെ അനുമതിക്കായി അയച്ചിട്ടുണ്ട്.

(ബി) വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിൽ സാദ്ധ്യമായിടത്തെല്ലാം മണ്ണുവെട്ടി വെള്ളം താഴ്ന്ന ഭാഗത്തേയ്ക്ക് ഒഴുകിപ്പോകാൻ മാർഗ്ഗം ഉണ്ടാക്കുന്നുണ്ട്. അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) ഈ റോഡിൽ താൽക്കാലികമായി ഗതാഗത തടസ്സം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

77 (221) സംസ്ഥാനത്ത് പി.ഡബ്ല്യു.ഡി. റോഡുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് ഓരോ ജില്ലയിലും ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പണികൾ നിർത്തിവച്ചുകൊണ്ട് പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാർ സംസ്ഥാനത്ത് സമരം ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത സമരത്തിന് ഉപോൽബലകമായി അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ വിഭാഗം കരാറുകാർക്ക് കുടിശ്ശികയിനത്തിൽ എന്തു തുക 31.5.99 വരെ നൽകേണ്ടതായിട്ടുണ്ടെന്നും, ഇത് കൊടുത്തുതീർക്കാൻ നടപ്പു വർഷത്തെ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) സമരം അടിയന്തിരമായി ഒത്തുതീർപ്പിലെത്തിച്ച് തകർന്ന റോഡുകളുടെ പണികൾ സമയബന്ധിതമായി തീർക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അറ്റകുറ്റപ്പണികൾ മിക്കവാറും പൂർത്തിയാക്കിയിരുന്നു. ഏപ്രിൽ മാസത്തിൽ തന്നെ മഴ ആരംഭിച്ചതുകൊണ്ട് ചില പണികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതിവർഷത്തെത്തുടർന്ന് ചില റോഡുകൾ മോശമായതുമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്.

(ബി) ദേശീയപാതാവിഭാഗത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽനിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് എല്ലാ വർഷവും നടത്തിവരുന്നുണ്ട്. ഇതിന് ആവശ്യമുള്ള ഇനം തിരിച്ചുള്ള വിവരവും റോഡിന്റെ നീളം തുടങ്ങിയ വിവരങ്ങളും കാലാകാലങ്ങളിൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് നൽകുന്നുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്ന തുക റോഡുകളുടെ നീളം കണക്കിലെടുത്ത് ആനുപാതികമായി ഓരോ ഡിവിഷനും നൽകുന്നുണ്ട്. അതനുസരിച്ച് പണികളുടെ മുൻഗണനാക്രമം നോക്കി കഴിയുന്നിടത്തോളം പണികൾ നടത്തിവരുന്നുണ്ട്.

(സി)&(ഡി) ആരംഭിച്ച സമരം പിൻവലിച്ചിട്ടുണ്ട്. കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുക നൽകണമെന്നാണ് പ്രധാന ആവശ്യം.

(ഇ) ദേശീയപാതാ വിഭാഗത്തിൽ കരാറുകാർക്ക് കുടിശ്ശികയിനത്തിൽ 31.5.99 വരെ 516.79 ലക്ഷം രൂപ കൊടുത്തുതീർക്കുവാനുണ്ട്. നടപ്പു സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ മുനിസിപ്പൽ ലിമിറ്റിൽ 126.50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 31.3.99-ലെ കണക്കനുസരിച്ച് പദ്ധതിയിനത്തിൽ 183.88 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 297.94 കോടി രൂപയും നൽകാനുണ്ട്. (ത്രൈമാസികമായിട്ടാണ് കണക്കുകൾ എടുക്കാറുള്ളത് എന്നതിനാൽ 31.5.99-ലെ കണക്ക് എടുത്തിട്ടില്ല.)

(എഫ്) സമരം ഒത്തുതീർപ്പായിട്ടുണ്ട്. കഴിയുന്നതും പണികൾ പൂർത്തിയാക്കാൻ ശ്രമിച്ചുവരുന്നു.

78 (222) പി.ഡബ്ല്യൂ.ഡി. പുതുതായി ഏറ്റെടുത്ത റോഡുകൾ

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly